# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## തച്ചമ്പാറ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി9/223/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 08.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തച്ചമ്പാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തച്ചമ്പാറ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ യും ഭാഗം 3ലെയും ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ-പികെഡി9/223/2017 തിയ്യതി – 08.02.2017

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23-05-2016മുതൽ 02-12-2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 12 നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങളുടെ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.12.2016 മുതൽ 15-12-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.ജി.ബിന്ദു | ഓഡിറ്റ് ഓഫീസർ |
| | ശ്രീമത.എം.വി.ബീന | ഓഡിറ്റർ |
| | ശ്രീ.രാജൻ.കെ.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | പി.പ്രവീൺ കുമാർ | 1.4.2015 മുതൽ 11-11-2015 വരെ |
| | സുജാത | 12.11.2015മുതൽ 31.03.16 വരെ |
| സെക്രട്ടറി | എലിയാമ്മ സെബാസ്റ്റ്യൻ | 1.4.2015 മുതൽ 17-05.15 വരെ |
| | മുരളിധരൻ.ടി.കെ അസിസ്റ്റന്റ് സെക്രട്ടറി | 18-5-15 മുതൽ 05-07-2015വരെ |
| | എലിയാമ്മ സെബാസ്റ്റ്യൻ | 6-7-15 മുതൽ 17-02-2016വരെ |

| | | |
|---|---|---|
| | വി.ചിത്ര പ്രസന്നൻ അസിസ്റ്റന്റ് സെക്രട്ടറി | 18-2-2016 മുതൽ 31-03-2016വരെ |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എൻജിനീയർ | ഷെറീന പി.വൈ | 1.4.2015 മുതൽ 09-07-2015 വരെ |
| | കെ.ബഷീർ | 10-7-2015 മുതൽ 09-12-2015 വരെ |
| | രാജേഷ് വി പി | 10-12-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ | സുരേഷ് ബാബു | 1.4.2015 മുതൽ 10.3.2016 വരെ |
| | മുഹമ്മദലി | 11-3-16 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ഇബ്രാഹിം ഷിബിൽ | 1.4.2015 മുതൽ 10.01.16 വരെ |
| | ഡോ.മുനീർ ബാബു | 11-1-16 മുതൽ 31-3-16 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാം കുമാർ | 1.4.2015 മുതൽ 24-4-2015 വരെ |
| | ഡോ.ഗോപാലകൃഷ്ണൻ | 25-4-15 മുതൽ 30-12-2015 വരെ |
| | ഡോ.രമ്യ കെ വാസു | 31-12-15 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മീര പി | 1.4.2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | സാജിദ് അലി.പി | 1.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വിജയലക്ഷ്മി പി | 1.4.2015 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | മുരളീധരൻ ടി കെ | 01.04.15 മുതൽ 20.08.15 വരെ |
| | ചിത്ര പ്രസന്നൻ | 21.08.15 മുതൽ 31.03.16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ദിവ്യ പി | 1.4.2015 മുതൽ 31.3.2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 26.03.2015 തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 31.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -15816609

വരവ് -29074262

ആകെ - 44890871

ചെലവ് - 39331020

നീക്കിയിരിപ്പ്-5559851

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1716760 | 2867780<br>5100536 ## | 9685076 |
| വികസനഫണ്ട് എസ്.സി.പി. | 919867 | 1568407 | 2488274 |
| വികസനഫണ്ട് ടി.എസ്.പി. | 200000 | 235795 | 435795 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1621585 | 6449803 | 8071388 |
| പെർഫോമൻസ് ഗ്രാന്റ് | 2667073 | 865000 | 3532073 |
| സംരക്ഷണ<br>ഗ്രാന്റ് റോഡ് | 901034 | 2390621 | 3291655 |
| സംരക്ഷണ<br>ഗ്രാന്റ് നോൺറോഡ് | 1123489 | 705992<br>1034<br>### | 1830515 |

# TC to Plan General

##TC from Plan SCP,SFC Grant & KLGSDP

###TC fromMG(R)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 59941023 | 101 | 27122121 | | | 68 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഒന്നുമില്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം35.95 ശതമാനം കുറവ്ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3068476 | 2066811 | 1001665 | 32.64(-) |
| നികുതിയേതര വരവുകൾ | 641021 | 309034 | 331987 | 51.79(-) |
| ആകെ | 3709497 | 2375845 | 1333652 | 35.95(-) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 256440 | 155 |
| കർഷകതൊഴിലാളി പെൻഷൻ | 0 | 141 |
| വിധവാപെൻഷൻ | 0 | 875 |
| വാർദ്ധക്യകാലപെൻഷൻ | 0 | 1974 |
| വികലാംഗപെൻഷൻ | 0 | 193 |

| | | |
|---|---|---|
| അവിവാഹിതപെൻഷൻ | 0 | 22 |
| വിവാഹധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2-12-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3732/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകളും ഡെപ്പോസിറ്റ് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് സംബന്ധിച്ച പത്രിക ഓഡിറ്റ തീയതി വരെ പരിശോധനക്ക് സമർപ്പിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-11-2016 | 10/2016 | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3-2-14 മുതൽ 17-2-14 വരെ | 2008-09 മുതൽ 2012-13വരെ | 21.3.14 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വിമുക്ത ഭടന്മാർക്ക് തൊഴിൽ നികുതിയിൽ ഇളവ് നൽകി-നഷ്ടം രൂ.2500/-

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15-10-2010 ലെ 34134/എഫ്.എം1/2007 -ാം നമ്പർ കത്ത് പ്രകാരം വിമുക്ത ഭടന്മാരെ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ കഴിയുകയില്ലെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ 2015-16 ഒന്നാം അർദ്ധവർഷത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ,കാഞ്ഞിരപ്പുഴ ശാഖയിലെ താഴെ പറയുന്ന ജീവനക്കാർക്ക് വിമുക്ത ഭടൻ എന്ന ആനുകൂല്യം നൽകി തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ഇളവ് നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 2500 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | അർധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| 1 | മുരളീധരൻ | 285160 | 1250 |
| 2 | സുരേഷ് കുമാർ ടി | 162789 | 1250 |
| ആകെ | | | 2500 |

ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നോ, ഉത്തരവാദിയായവരിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പത്രികകളിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് കാര്യാലയം, ദേശബന്ധു ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്ഥാപനങ്ങൾ 2015-16 ഒന്ന്,രണ്ട് അർദ്ധവർഷങ്ങളിൽ സമർപ്പിച്ച ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകളിൽ 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം മതിയായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല . ആയതിനാൽ ജീവനക്കാരുടെ ശമ്പള വിവരം പരിശോധിച്ച് നികുതി അടവാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല .സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന തൊഴിൽ നികുതി പത്രികകളിൽ ക്ഷാമബത്ത കുടിശ്ശിക, ശമ്പള പരിഷ്കരണ കുടിശ്ശിക, ഉൽസവ ബത്ത, ബോണസ്സ്, മറ്റ് അലവൻസുകൾ മുതലായവ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. തെറ്റായ തൊഴിൽ നികുതി റിട്ടേണുകളല്ല സമർപ്പിക്കപ്പെടുന്നതെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതും, അനർഹമായ ക്ലെയിമുകൾ ഒഴിവാക്കേണ്ടതുമാണ്. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതും, തെറ്റായ രീതിയിലുള്ളതുമായ തൊഴിൽ നികുതി റിട്ടേണുകൾ നിരസിക്കേണ്ടതും തന്മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകാൻ ഇടയുള്ള നഷ്ടം ഒഴിവാക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിന്റ തൊഴിൽ നികുതി പത്രിക ക്രമ പ്രകാരം തയ്യാറാക്കാതിരുന്നത് ഉത്തരവാദികളുടെ വീഴ്ചയാണ്.

## 2-3 ചട്ടപ്രകാരം ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയില്ല

സർക്കാർ ഉത്തരവ്(അ)നം.101/2012/തസ്വഭവ തിയതി 13-4-2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 2015-16 വർഷത്തിൽ പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് അനുവദിച്ചിട്ടില്ല.

| ക്രമ നമ്പർ | ലൈസൻസിയുടെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ഷൌക്കത്തലി, തച്ചമ്പാറ പൌൾട്രി ഫാം | 15/443 |

കൂടാതെ ലൈസൻസി മലീനീകരണ നിയന്ത്രണ ബോർഡിൽനിന്നുള്ള നിരാക്ഷേപ പത്രം ഹാജരാക്കിയിട്ടുമില്ല. .

കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി & ഒ അപേക്ഷകളിന്മേൽ സ്ഥല പരിശോധന നടത്തുന്നില്ല

10.01.13-ലെ സർക്കുലർ നമ്പർ 66562/ആർ.സി.3/12/ത.സ്വ.ഭ.വ. പ്രകാരം ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥലപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ ഡി&ഒ ലൈസൻസുകൾ നൽകാൻ പാടില്ലെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകളിന്മേലുള്ള സ്ഥല പരിശോധനാ റിപ്പോർട്ടും സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്താതെയാണ് ഭൂരിഭാഗം ലൈസൻസുകളും ഓഡിറ്റ് കാലയളവിൽ നൽകിയിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

## 2-5 ഡി&ഓ ലൈസൻസ്-നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

2015-16 വർഷത്തിലെ ഡി&ഓ ലൈസൻസികളിൽ നിന്നും താഴെ പറയുന്നവ അപേക്ഷകളോടൊപ്പം വാങ്ങി സൂക്ഷിച്ചിട്ടില്ല.

1. സ.ഉ (എം.എസ്) നം. 323/2011/ത.സ്വ.ഭ.വ തിയതി 27-12-2011 നിർദ്ദേശാനുസരണം നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ, ശേഖരിക്കുകയോ, വിൽക്കുകയോ ചെയ്യുന്നതല്ലെന്ന സത്യവാങ്മൂലം.
2. സർക്കുലർ നമ്പർ 63624/ ആർ.സി.2/ 2008/ ത.സ്വ.ഭ.വ തീ. 15-06-2009 പ്രകാരം സ്ഥാപനത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന സത്യപ്രസ്താവന.
3. സർക്കുലർ നം.15885/ആർ.ഡി.3/2011/ത.സ്വ.ഭ.വ തിയതി 26-4-2011 അനുസരിച്ച് ഡി&ഓ ലൈസൻസികളോട് പുകവലി നിരോധനം സംബന്ധിച്ച നിബന്ധനകൾ പാലിക്കുമെന്ന സമ്മതപത്രം.

സർക്കാർ ഉത്തരവുകളിലെ / സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കേണ്ടതാണ്.

## 2-6 വ്യാപാരസ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിന്റെ നിരക്കിൽ നികുതി ഈടാക്കി

2015-2016 സാമ്പത്തീകവർഷത്തിലെ ഡി. ആന്റ് . ഒ . ലൈസൻസ് രജിസ്റ്ററും സഞ്ജയസോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയവിവരങ്ങളും പരിശോധിച്ചതിൽ താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ നികുതി ഈടാക്കിയിരിക്കുന്നതായി കണ്ടെത്തി . വിശദവിവരങ്ങൾ താഴെ പറയുന്നു.

| ഡി.ആന്റ്.ഒ രജിസ്റ്ററിലെ ക്രമനമ്പർ | സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ | വാർഡ്/ കെട്ടിടനമ്പർ | ഈടാക്കിയ വസ്തുനികുതി | കെട്ടിടത്തിന്റെ ഇനം |
|---|---|---|---|---|
| 9 | യൂസുഫ്. കാറ്ററിംഗ് സർവ്വീസ് | 1/225 | 756 | പാർപ്പിടാവശ്യം |
| 32 | ബെക്കി ചിരൻ ഷ റബ്ബർ കമ്പനി | 2/205 | 3024 | പാർപ്പിടാവശ്യം |
| 123 | സെക്രട്ടറി , ക്ഷീരോല്പാദക സഹകരണസംഘം , പാലക്കയം | 7/508 | 601 | പാർപ്പിടാവശ്യം |

വ്യാപാരസ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിന്റെ നിരക്കിൽ നികുതി ഈടാക്കുന്നത് വസ്തുനികുതിയിനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ഫീൽഡ് വിസിറ്റ് നടത്തി ഇത്തരത്തിലുള്ളമുഴുവൻ കെട്ടിടങ്ങൾക്കും യഥാർത്ഥനിരക്കിലുള്ള വസ്തുനികുതി ഈടാക്കാനുള്ളനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2015 - 2016 സാമ്പത്തികവർഷത്തിലെ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭിക്കാത്തതിനാൽ വസ്തുനികുതി ഇനത്തിലെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ആയത്

ലഭ്യമാക്കി അടുത്ത ഓഡിറ്റിന് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 2-8 പരസ്യനികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അനുമതിയോടു കൂടി ഗ്രാമ പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യനികുതി ഈടാക്കി തനതു വരുമാനത്തിൽ വർദ്ധനവുണ്ടാക്കാവുന്നതാണ്. എന്നാൽ ഈ വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും അനുകൂലനടപടികൾ ഉണ്ടായിട്ടില്ല. പരസ്യനികുതി സംബന്ധിച്ച് ബൈലോ രൂപീകരിക്കുന്നതിനും പരസ്യനികുതി പിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇ-ലേണിങ്ങ് - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രൊജക്ട് നം.103/16 'ഇ-ലേണിങ്ങ്'

അടങ്കൽ - 600000

(പ്ലാൻ - 200000

തനത് ഫണ്ട് - 100000/-

മറ്റുള്ളവ – 300000)

ചെലവ് - പ്ലാൻ -128000 ( ബിൽ നം 1 തീയതി 21-8-15)

മേൽ പദ്ധതി പ്രകാരം 128000 രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും 16 ഫോൺപാഡുകൾ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇതിൽ 5 എണ്ണം (5റിസോഴ്സ് പേർസൺമാർക്ക് ) വിതരണം ചെയ്തതിട്ടുമുണ്ട്. ഈ പ്രൊജക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. ഈ പ്രൊജക്ടിനായി ട്രെയ്നേഴ്സിനേയും ഗുണഭോക്താക്കളേയും തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല . കൂടാതെ എത്ര പേർക്ക് പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ടെന്ന വിവരവും ലഭ്യമല്ല.
2. 16 ഫോൺപാഡുകൾ വാങ്ങിയതിൽ 5 എണ്ണം മാത്രമേ പരിശീലനത്തിനായി നാളിതു കൈമാറിയിട്ടുള്ളൂ. 11 ഫോൺപാഡുകൾ ഗ്രാമപഞ്ചായത്തിൽ നാളിതുവരെയായിട്ടും ഉപയോഗപ്പെടുത്താതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.
3. പരിശിലനത്തിനായി കൈമാറിയ 5 ഫോൺപാഡുകൾ കൈപ്പറ്റിയ ട്രെയിനേഴ്സുമായി നഷ്ടോത്തരവാദിത്തം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചിട്ടില്ല.
4. പദ്ധതിക്കായി പി.എൻ.പണിക്കർ ഫൗണ്ടേഷനിൽ നിന്നും 23-12-14 ന് (ഡി.ഡി നം. 540923/17-12.14) 100000/- രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല.

പരിശിലനത്തിനായി വാങ്ങിയ ഫോൺപാഡുകൾ ഉപയോഗപ്പെടുത്തുന്നതിനും സമ്പൂർണ്ണ ഇ സാക്ഷരത കൈവരിക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ

ഊർജ്ജിതപ്പെടുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

## 3-2 അംഗികരിച്ച ഗുണഭോക്തൃലിസ്റ്റില്ലാതെ പ്രൊജക്ട് നടപ്പാക്കി

പ്രോജക്ട് നമ്പർ : 179/16

ഗാർഹിക വാട്ടർ കണക്ഷൻ നൽകൽ

നിർവ്വഹണം :സെക്രട്ടറി

ബിൽ നമ്പർ :714/15-16തിയതി 22-3-16 രൂ. 104000 & ബിൽ നമ്പർ :754/15-16തിയതി 30-3-16 രൂ. 50227

ആകെ ചെലവ് തുക : 154227

ഗാർഹിക വാട്ടർ കണക്ഷൻ നൽകൽ പ്രൊജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനു വേണ്ടി 154227രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനക്ക് ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. അംഗികരിച്ച ഗുണഭോക്തൃലിസ്റ്റില്ലാതെ പ്രൊജക്ട് നടപ്പാക്കിയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-3 എസ്.എസ്.എ. ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട്നമ്പർ3/16 എസ്.എസ്.എ വിഹിതം
നിർവ്വഹണഉദ്യോഗസ്ഥൻ - സെക്രട്ടറി
ബിൽ നമ്പർ -23/15-16 തീയതി 13/01/16 രൂ.330291/-

എസ്.എസ്.എ പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ എന്ന പദ്ധതിയ്ക്കായി , ഡിസ്ട്രിക്റ്റ് പ്രോജക്റ്റ് ഓഫീസർ എസ്.എസ്.എ യ്ക്ക് ഡി.ഡി.നമ്പർ - 852412 തീയതി 13-1-16പ്രകാരം രൂ.330291/ നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തെരുവ് നായ്ക്കളുടെ വന്ധ്യകരണം -ജില്ലാ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്റ്റ് - 180/16

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നം. 711/ 10.03.2016, തുക-350000/-

(ഡി.ഡി നം- 752533/27-4-.16)

2015-16 വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച ഗ്രാമ ബ്ളോക്ക് ജില്ലാപഞ്ചായത്തുകളുടെ സംയുക്ത പ്രൊജക്റ്റായ 'തെരുവ് നായ്ക്കളുടെ വന്ധ്യംകരണം'എന്ന പദ്ധതിക്കു വേണ്ടി പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് 350000/-രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.പദ്ധതിയുടെ പുരോഗതിയും തുകയുടെ വിനിയോഗവും സംബന്ധിച്ച് യാതൊരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. പദ്ധതിയുടെ പുരോഗതി റിപ്പോർട്ടും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-5 വി.ഇ.ഒ - രേഖകൾ സൂക്ഷിപ്പ് ക്രമ പ്രകാരമല്ല.

ഓഡിറ്റ് കാലയളവിൽ വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതികളുടെ രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം കൃത്യമായും കാലികമായും ചെയ്തിട്ടില്ല. കാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല. പണം പിൻവലിക്കലിനായി ബില്ലിനോടൊപ്പം സമർപ്പിച്ച പട്ടിക പ്രകാരമുള്ളവർക്കല്ല വിതരണം നടത്തിയിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് ഭാവിയിൽ കൃത്യമായും കാലികമായും രേഖകൾ സൂക്ഷിക്കേണ്ടതാണ്.

## 3-6 അംഗനവാടികൾക്ക് ഗ്യാസ് കണക്ഷൻ, കുക്കർ വാങ്ങൽ - ക്വട്ടേഷൻ നടപടികൾ പാലിച്ചില്ല.

2015-2016 സാമ്പത്തീകവർഷത്തിൽ ഐ. സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണഉദ്യോഗസ്ഥയായി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ - SOO143/ 16 , അംഗനവാടികൾക്ക് ഗ്യാസ് കണക്ഷൻ, കുക്കർ വാങ്ങൽ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് ബിൽ നമ്പർ 5/15-16 തീയതി 29.09.05 പ്രകാരം 67200രൂപ പിൻവലിച്ച് ഗ്യാസ് കണക്ഷൻ, കുക്കർ എന്നിവ വാങ്ങിയിട്ടുണ്ട് .എന്നാൽ ഈ വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ ഗ്രാന്റ് എച്ച്. പി. ഗ്യാസ് ഏജൻസി എന്ന സ്വകാര്യ ഗ്യാസ് ഏജൻസിയിൽ നിന്നാണ് മേൽസൂചിപ്പിച്ചവ വാങ്ങിയിട്ടുള്ളത്. എന്നാൽ ജി.ഒ.പി. 3/2013 എസ്.പി.ഡി. 21.06.13 പ്രകാരം 15000 മുതൽ 100000 രൂപ വരെയുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖാന്തിരം ആയിരിക്കണം എന്ന നിഷ്കർഷിക്കുന്നുണ്ട്. വാങ്ങൽനടപടികൾ 29/07/15 ലെ പഞ്ചായത്ത് മിനട്ട്സ് തീരുമാനപ്രകാരം ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് 14/12/16 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 11 ന് മറുപടിയായി നൽകിയിട്ടുണ്ടെങ്കിലും ക്വട്ടേഷൻ നോട്ടീസ് പത്രങ്ങളിൽ പരസ്യം ചെയ്തതിന്റെ കോപ്പിയോ ലഭ്യമായ മറ്റ് ഗ്യാസ് ഏജൻസികളുടെ ക്വട്ടേഷൻ താരതമ്യം ചെയ്ത് കൊണ്ടുള്ള ടാബുലേഷൻ സ്റ്റേറ്റ്മെന്റോ ഹാജരാക്കിയില്ല. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഏജൻസിയിൽ നിന്നാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തുവാൻ രേഖകളില്ല.

ആയതിനാൽ വരും വർഷങ്ങളിൽ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി വാങ്ങലുകൾ നടത്തുമ്പോൾ കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് നിർവ്വഹണഉദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി-അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി.സ.ഉ(എം.എസ്) നം.362/2013/ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് ആദ്യഘട്ടത്തിൽ 129 ഉം രണ്ടാം ഘട്ടത്തിൽ 120 ഉം ഗുണഭോക്താക്കളുള്ള ആശ്രയ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | 1 -ാം പ്രൊജക്റ്റ് പ്രകാരം | | 2-ാം പ്രൊജക്റ്റ് പ്രകാരം | |
|---|---|---|---|---|---|
| | | ആവശ്യമുള്ളത് | ലഭ്യമാക്കിയത് | ആവശ്യമുള്ളത് | ലഭ്യമാക്കിയത് |
| 1 | വീട് | 8 | - | 18 | 3 |
| 2 | ഭൂമി | 1 | - | 5 | - |
| 3 | വീട് റിപ്പയർ | 3 | - | 19 | 7 |
| 4 | കുടിവെള്ളം | 13 | - | - | - |
| 5 | കക്കൂസ് | 3 | - | 6 | - |
| 6 | കറന്റ് | 7 | - | 6 | - |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പറഞ്ഞ ആനുകൂല്യങ്ങൾക്ക് പുറമേ ഭക്ഷണവും മരുന്നും ആണ് നൽകിയിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നുവരുന്നുണ്ട്.ഓഡിറ്റ് വർഷം ആശ്രയ വിഹിതമായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 220037/-രൂപയും പദ്ധതിജനറൽ ഫണ്ടിൽ നിന്നും 300000/-രൂപ വീതവും വകയിരുത്തിയിരുന്നതിൽ 300000/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും അവ നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്.

## 3-8 മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി.തുക പിൻവലിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പ്രൊജക്റ്റുകളുടെ ചെലവുകൾക്കായി തുക പിൻവലിച്ചതിൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകളുടെ ചെലവു രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമനം | ബിൽ നം./തീയതി | കാഷ് ചെയ്തത് | തുക | ഉദ്ദേശം |
|---|---|---|---|---|
| 1. | 1/15-16/3.7.15 | 16.7.15 | 44800 | സാന്ത്വന പരിചരണ പദ്ധതി |
| 2. | 2/15-16/ 3.7.15 | 16.7.15 | 10500 | സമഗ്ര ആരോഗ്യ പദ്ധതി |
| ആകെ | | | 55300 | |

ഓഡിറ്റ് എൻക്വയറി (നം.9/15.12.16)മുഖേന രേഖകൾ ആവശ്യപ്പെട്ടെങ്കിലും

ഹാജരാക്കിയില്ല. ആയതിനാൽ പിൻവലിച്ച തുക 55300/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-9 സാന്ത്വന പരിചരണ പദ്ധതി -പദ്ധതി നിർവ്വഹണം-പൊതു അപാകതകൾ

മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായ സാന്ത്വന പരിചരണ പദ്ധതി(67/16)യ്ക്കായി തൻവർഷം 350000/-രൂപ വകയിരുത്തിയതിൽ 303421/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലും ചെലവു രേഖകളിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഓരോ പ്രാവശ്യവും ബില്ലുകൾ പ്രകാരം പിൻവലിക്കുന്ന തുകകളിൽ ഡിഡി പ്രകാരം പേയ്മെന്റ് നടത്തുന്നവയോടൊപ്പം ഡിഡിയുടെ പകർപ്പ് ,കൈപ്പറ്റ് രശീതി എന്നിവ സൂക്ഷിച്ചിട്ടില്ല.കാഷ്ബുക്കിലും ഡിഡിയുടെ വിവരം ചേർത്തിട്ടില്ല.

2.പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾക്കനുസൃതമായല്ല വാഹനം വാടകക്ക് വിളിച്ചിരിക്കുന്നത്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരം വാഹനം ലഭ്യമാക്കാൻ പഞ്ചായത്തിന് കഴിയാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനം സ്വീകരിക്കുകയും ക്വാട്ടു ചെയ്ത നിരക്ക് അനുവദിക്കുകയും ചെയ്യാവുന്നതാണ്.എന്നാൽ ക്വട്ടേഷൻ നടപടികളിലൂടെയല്ല വാഹനം ഏർപ്പാട് ചെയ്തിരിക്കുന്നത്.

3 .വാഹനവാടക നൽകുന്ന ഡി.ഡി.,കൈപ്പറ്റ രശീതി എന്നിവ അതാത് ചെലവുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.വാഹനത്തിന്റെ ട്രിപ്പ് ഷീറ്റിൽ ചിലവയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.വാഹനം സഞ്ചരിച്ച ദൂരം ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ഹോം കെയറിനു പോകുന്ന പല ദിവസങ്ങളിലും ഭക്ഷണം,റിഫ്രഷ്മെന്റ് എന്നിവയ്ക്ക് ദിവസം 300/-രൂപയിലധികം ചെലവഴിച്ചു കാണുന്നു.

സാന്ത്വന പദ്ധതി നടപ്പാക്കുന്നതിന് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-10 ഹാപ്പി പ്രൊജക്റ്റ് (HIVബാധിതർക്കുള്ള പൂരക പോഷകാഹാരം നൽകൽ)- ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രൊജക്റ്റ് നിർവ്വഹണം

പ്രൊജക്റ്റ് നം.-70/16

അടങ്കൽ-10000/-(പ്ലാൻ ജനറൽ)
നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽഓഫീസർ,പി.എച്ച്.സി

എയിഡ്സ് ബാധിതർക്ക് പോഷകാഹാരം നൽകുന്നതിനായി മേൽ പ്രൊജക്ട് പ്രകാരം ബിൽനം.14/15-16/25..1.16 അനുസരിച്ച് 10000/-രൂപ ചെലവാക്കിയിട്ടുണ്ട്. അരി, പയറുവർഗ്ഗങ്ങൾ തുടങ്ങിയ ആഹാരസാധനങ്ങൾ ത്രിവേണി സൂപ്പർ മാർക്കറ്റിൽ നിന്നും വാങ്ങി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എച്ച്.ഐ.വി ബാധിതർക്ക് നൽകുന്നതിനും ട്രാൻസ്പോർട്ടേഷനുമാണ്(1000/-) ചെലവ്. എന്നാൽ സാധനങ്ങളുടെ വിതരണം, അവ

വാങ്ങിയതിന് തുക നൽകിയതിന്റെ വിവരം എന്നിവ ഇല്ല . തുക ഡി.ഡി.യാക്കി നൽകിയതിന്റെ വിവരം, തുക കൈപ്പറ്റിയതിന്റെ വിവരം എന്നിവ ഇല്ല. എന്നാൽ .സ.ഉ(എം.എസ്) നം.248/2012/തസ്വഭവ തിയതി 29/09/2012 പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7-1 ക്രമ നമ്പർ 4, സ.ഉ(എം.എസ്)നം.362/2013/LSGD തിയതി 16/11/2013 പ്രകാരമുള്ള 2014-15 മുതലുള്ള പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 16 ഖണ്ഡിക 7-1 ക്രമ നമ്പർ 4, എന്നീ ഉത്തരവുകളിൽ എച്ച്.ഐ.വി ബാധിതർക്കുള്ള പോഷകാഹാര വിതരണം ജില്ലാ പഞ്ചായത്തുകളാണ് ഏറ്റെടുക്കേണ്ടതെന്നും, ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുവാൻ പാടില്ലെന്നും നിർദേശിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(സാധാ) നം.653/13/ തസ്വഭവ തിയതി 15.3.13 പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള എച്ച്.ഐ.വി/എയിഡ്സ് മാർഗ്ഗരേഖയിലെ ഖണ്ഡിക 4 ലും മേൽ ഉത്തരവ് നൽകിയിട്ടുണ്ട്.

മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കുന്നതിനായി പദ്ധതിഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല. ചെലവുരേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. നം.9/15.12.16 ന് മറുപടി ലഭ്യമാക്കിയില്ല.മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ഇത്തരം പ്രൊജക്ട് നടപ്പിലാക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-11 ഒരേ വാഹനത്തിന് ഒരേ ദിവസം രണ്ടു വാഹനവാടക നൽകിയത് ക്രമപ്രകാരമല്ല

മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പ്രൊജക്ടുകളുടെ ചെലവുകൾക്കായി തുക പിൻവലിച്ചതിൽ താഴെ പറയുന്ന ദിവസങ്ങളിൽ വാഹനം KL-9E 2790 ഉപയോഗിച്ചതിന് ഡ്രൈവർ ഷാജിയ്ക്ക് സാന്ത്വന പരിചരണ പദ്ധതി(പ്രൊ.നം.67/16), സമഗ്ര ആരോഗ്യ പദ്ധതി (പ്രൊ.നം.69/16) എന്നിവ രണ്ടും പ്രകാരം ഒരേ ദിവസം രണ്ടു വാഹനവാടക അനുവദിച്ചു കാണുന്നു. സാന്ത്വന പരിചരണ പദ്ധതിയിൽ മുഴുവൻ ദിവസത്തേക്കുള്ള പരമാവധി തുകയാണ് നൽകിയിരിക്കുന്നത് എന്നതിനാൽ ഒരേ ദിവസം രണ്ടു യാത്രകൾക്കു ഒരേ വാഹനം ഉപയോഗിച്ചതായി ട്രിപ്പ് ഷീറ്റ് പ്രകാരം കാണുന്നത് പ്രായോഗികമല്ല. ആയതിനാൽ താഴെ പറയും വിധം ഒരേ ദിവസത്തിന് രണ്ടു വാടക നൽകിയതിൽ കുറവുള്ള തുക ആകെ 1850/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

| തീയതി | പ്രൊജ ക്ററ് | നൽകിയ തുക | ബില്ലിന്റെ വിവരം | അധികം നൽകിയത് |
|---|---|---|---|---|
| 20.2.16 | സാന്ത്വന പരിചരണ പദ്ധതി | 1100 | 18/28.3.16-68900/-ൽ ഉൾപ്പെടുന്നത് | 1100 |
| | സമഗ്ര ആരോഗ്യ പദ്ധതി | 2000 | 16/21.2.16 ൽഉൾപ്പെടുന്നത് | |
| 12.6.15 | സാന്ത്വന പരിചരണ പദ്ധതി | 1100 | 3/24.7.15-22650 ൽ ഉൾപ്പെടുന്നത് | 750 |
| | സമഗ്ര ആരോഗ്യ പദ്ധതി | 750 | 4/24.7.15-3000 ൽ ഉൾപ്പെടുന്നത് | |

# 3-12 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം

മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായ ഹോമിയോ ഡിസ്പെൻസറിക്കാവശ്യമായ മരുന്ന് വാങ്ങൽ(പ്രൊ.നം.-71/16) എന്ന പദ്ധതിക്കായി ബിൽ നം.17/15-16/21.3.16പ്രകാരം 150000/-രൂപ പിൻവലിച്ചിട്ടുണ്ട്.തുക 28.3.16 ന് ഡി.ഡി മുഖേന(പകർപ്പ് ഫയലിൽ ഇല്ല, കാഷ്ബുക്കിലും ഡിഡിയുടെ വിവരം ചേർത്തിട്ടില്ല) Cooperative Pharmacy LTD.,ആലപ്പുഴ എന്ന സ്ഥാപനത്തിനു നൽകിയതായി ഫയൽ പ്രകാരം കാണുന്നു. ടി സ്ഥാപനത്തിന്റെ കൈപ്പറ്റ് രശീതി ഇല്ല. മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് മെഡിക്കൽ ഓഫീസർ (ഹോമിയോ-NRHM) ഓഡിറ്റ് എൻക്വയറി (നം.9/15.12.16)ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-13 മരാമത്തു പ്രവൃത്തികൾ പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്ടുകളുടെ ഫയലുകൾ.രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| വകയിരുത്തിയ തുക | പ്രൊജക്ടുകളുടെ എണ്ണം | ചെലവഴിച്ചത് | പ്രൊജക്ടുകളുടെ എണ്ണം |
|---|---|---|---|
| 18897981 | 72 | 11354371 | 50 |

1. ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയക്കുന്നത് കരാറുകാരൻ കൈപ്പറ്റിക്കാണുന്നില്ല.

2. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

3.കരാറുകാരൻ EMD,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു.ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ഇവ സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.

4.ടെണ്ടർ പ്രവൃത്തികളിൽ കരാറുകാരൻ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന പ്രിലിമിനറി എഗ്രിമെന്റ് നിശ്ചിത ഫോർമാറ്റിലല്ല എല്ലാ വർക്ക് ഫയലിലും ഉള്ളത്.കരാറുകാരന്റെ ഒപ്പു മാത്രമുള്ള blank സ്റ്റാമ്പ് പേപ്പർ പലതിലും വെച്ചിരിക്കുന്നു.

5. വർക്ക്ബില്ലുകളിൽ മെമ്മോ ഓഫ് പേയ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല.

# 3-14 'പഞ്ചായത്ത് ശ്മശാനം' -നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നം : 93/14,88/15, 110/16

അടങ്കൽ : 41,00,000,(തൻവർഷം-3100000)

നിർവ്വഹണ ഏജൻസി : കോസ്റ്റ് ഫോർഡ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി

ഗ്രാമ പഞ്ചായത്തിൽ ഗ്യാസ് ക്രിമറ്റോറിയത്തിന് ലോക ബാങ്ക് ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്, സ്റ്റേറ്റ് ഫണ്ട് എന്നിവ ചേർത്തി 4100000 രൂപ വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തുവെങ്കിലും പദ്ധതി നാളിതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. 20.2.2014ന് എഗ്രിമെന്റ് നം 998/13-14 പ്രകാരം കോസ്റ്റ് ഫോർഡ് ഡയറക്ടർ എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറുമായി കരാർ ഒപ്പുവെക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്കാവശ്യമായ മുൻകൂർ തുക 18,20,000/-(14-15വരെ) രൂപ നൽകിയെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. തൻവർഷം 3100000/-വകയിരുത്തിയിരുന്നെങ്കിലും ചെലവൊന്നുമില്ല.ഗ്യാസ് ക്രിമറ്റോറിയം പ്രാവർത്തികമാക്കാനുള്ള ശ്രമം ഊർജ്ജിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ഗുണഭോക്തൃ സമിതികകൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

ഓഡിറ്റ് വർഷത്തിൽ 9 മരാമത്ത് പ്രവൃത്തികൾ ഒഴികെയുള്ള പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഗുണഭോക്തൃ സമിതികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 13, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ സർക്കുലർ നമ്പർ ഡി.ബി.1/1559 /2010/സി.ഇ/ത.സ്വ.ഭ.വ തിയതി 13-11-2014 എന്നിവയിൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. ചട്ടങ്ങളിലേയും മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയതായി രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലുകളിൽ കണ്ടെത്തിയ അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

1. മിക്കവാറും പ്രവൃത്തികളിൽ ആദ്യമീറ്റിംഗ് കൂടിയശേഷം പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ വിലയിരുത്തുന്നതിനായി ഗുണഭോക്തൃസമിതി കൂടിയതായി രേഖ ഇല്ല.

2. ഗുണഭോക്തൃസമിതിക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിക്കാണുന്നില്ല.

3. എല്ലാ പ്രവൃത്തികളിലും ഗുണഭോക്തൃസമിതി കൺവീനറുടേയും ചെയർമാന്റെയും പേരിൽ സംയുക്ത ബാങ്ക് അക്കൌണ്ട് തുടങ്ങിയിട്ടില്ല. ഇടപാടുകൾ ബാങ്ക് അക്കൌണ്ടിലൂടെ നടത്തുന്നില്ല.

4. എല്ലാ പ്രവൃത്തികളിലും കൺവീനർ മസ്റ്റർ റോൾ സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

5.നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകൾ ,രശീതികൾ എന്നിവ സൂക്ഷിച്ചിട്ടില്ല.

6. നിർമ്മാണസാമഗ്രികളുടെ ഗുണനിലവാരം അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. യന്ത്രസാമഗ്രികളുടെ വാടക നൽകുന്നതിന്റെ വൌച്ചറോ പണം കൈപ്പറ്റുന്നതിന്റെ രശീതിയോ ഇല്ല.

8. വരവു ചെലവു കണക്കുപുസ്തകം എഴുതി സൂക്ഷിക്കുന്നില്ല.

9. ഗുണഭോക്തൃസമിതി കൂടുന്നതിന്റെ മിനിറ്റ്സ് ബുക്ക് പൂർണ്ണമല്ല.ചില പ്രവൃത്തികളുടെ ഫയലിൽ മിനിറ്റ്സ് ആദ്യമീറ്റിംഗ് കൂടിയശേഷം രേഖപ്പെടുത്തലുകളില്ല. ചെലവുകണക്കുകൾ യോഗം കൂടി അവതരിപ്പിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല. കണക്ക് രേഖപ്പെടുത്തലുകളുള്ള മിനിറ്റ്സിൽ ഭക്ഷണത്തിന് ചെലവായ തുക ഉൾപ്പെടുത്തിക്കാണുന്നു .

10. എല്ലാ വർക്ക് ഫയലുകളിലും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഇല്ല.

മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-16 ഗുണഭോക്തൃസമിതി കൺവീനർ, ചെയർമാൻ എന്നിവർ മറ്റു പഞ്ചായത്തിലുള്ളവർ

12--ാം പഞ്ചവൽസരപദ്ധതി മാർഗ്ഗരേഖ, 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 13, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ സർക്കുലർ നമ്പർ ഡി.ബി.1/1559 /2010/സി.ഇ/ത.സ്വ.ഭ.വ തിയതി 13-11-2014 എന്നിവയിൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ എന്നിവ പ്രകാരം നിർവ്വഹണ ചുമതല ഗുണഭോക്തൃ സമിതികൾ ഏറ്റെടുക്കുമ്പോൾ ഗുണഭോക്തൃസമിതിയുടെ കൺവീനർ, ചെയർമാൻ, അംഗങ്ങൾ എന്നിവർ പ്രൊജക്റ്റിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെ ആയിരിക്കണം. ആയത് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തിയ രേഖ നിർവ്വഹണോദ്യോഗസ്ഥന് സമർപ്പിക്കുകയും വേണം. എന്നാൽ താഴെപറയുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃസമിതിയുടെ കൺവീനർ, ചെയർമാൻ എന്നിവർ കാരാക്കുറിശ്ശി പഞ്ചായത്തിലുള്ളവരാണെന്ന് അവരുടെ ഇലക്ഷൻ തിരിച്ചറിയൽ രേഖപ്രകാരം കാണുന്നു.

1. കല്ലംചോല റോഡ് ടാറിംഗ് 136/15-കൺവീനർ-ജോൺ ലൂക്കോസ്

2. വലിയവീട് കനാൽ ബണ്ട് റോഡ് കോൺക്രീറ്റിംഗ് 164/16-ചെയർമാൻ-മോഹൻദാസ്.

ഇത് ക്രമപ്രകാരമല്ല.ചട്ടങ്ങളിലേയും മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിക്കുന്നതിൽ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 പായപ്പുല്ല് വായനശാല നാളിതുവരെ പ്രാവർത്തികമായില്ല



പ്രൊജക്റ്റ് നം-128/15

അടങ്കൽ-303061/-(PlanSCP)

നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി വായനശാലക്കുവേണ്ടി പുതിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിനായി ബിൽ നം.8/9.10.15പ്രകാരം 198451/-രൂപ ചെലവഴിച്ചിട്ടുണ്ട്. 9.7.15 ൽ പണി പൂർത്തീകരിച്ചിട്ടുള്ള ഈ കെട്ടിടം ഓഡിറ്റ് ടീം പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. നിലവിൽ ഇത് അടച്ചുപൂട്ടിക്കിടക്കുന്നതാണ് കണ്ടത്. വയറിംഗ് കഴിഞ്ഞിട്ടുണ്ടെങ്കിലും കറന്റ് ഇല്ല. പരിമിതമായ സ്ഥല സൗകര്യമേയുള്ളൂ. വായനശാല ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,മണ്ണാർക്കാട് | 2015-16 | 4500 | ഉഴവു കൂലി | 4500 | 0 |
| | 2015-16 | 211800 | ശാരീരി മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 211800 | 0 |
| | 2015-16 | 572889 | അനുപൂരക പോഷകാഹാര പദ്ധതി | 527451 | 45438 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ SC കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ, | ബിൽ നം.-643/ 11-3-2016<br>D D No 751114/19-3-16 | 150000 | - | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല.

## 4-4 വായ്പ

(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാൻ അവശേഷിയ്ക്കുന്നത് | ഉദ്ദേശ്യ ലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| തൻവർഷം വരവില്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ്നം, തിയതി | വായ്പ തുക | തിരിച്ചട യ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവ സാന ബാക്കി (31.3.16) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ഭവന പദ്ധതി | സ.ഉ.(സാധാ) നം.647/10 തസ്വഭവ/ 25.2.2010 | - | 3441032 | 2000000 | - | 1441032 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ ഖണ്ഡികകൾ ഒന്നും അവശേഷിക്കുന്നില്ല.

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :29074262 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39331020 |
| വരവിനങ്ങളിലുള്ള നഷ്ടം | :2500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :1850 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :209527 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2500 | | ഏലിയാമ്മ സെബസ്റ്റ്യൻ, സെക്രട്ടറി |
| 3-11 | | 1850 | 1100-ഡോ.മുനീർ ബാബു<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി<br>750- ഡോ.ഇബ്രാഹിം ഷിബിൽ, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 154227 | വി.ചിത്ര പ്രസന്നൻ, സെക്രട്ടറി ഇൻ ചാർജ് |
| 3-8 | 55300 | ഡോ.ഇബ്രാഹിം ഷിബിൽ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-6

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഏലിയാമ്മ സെബ്സ്റ്റ്യൻ, സെക്രട്ടറി | സെക്രട്ടറി, കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് | ബ്രൈറ്റ് കോട്ടേജ്, ധോണി.പി.ഒ,പാലക്കാട്. 678009 |
| ഡോ.മുനീർ ബാബു മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | അസി.സർജൻ,,നിലമ്പൂർ | Anapattath,Puttamana, Kalikav,Malappuram. |
| ഡോ.ഇബ്രാഹിം ഷിബിൽ, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | മൊബൈൽ യൂണിറ്റ്, PHC,അഗളി | ചിണ്ടത്ത്,തിരുർകാട്, അങ്ങാടിപ്പുറം,,മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP4/50/02/22.01.02 | പുനരഭിപ്രായം |
| 1997-98 | LFP4/51/02/22.01.02 | പുനരഭിപ്രായം |
| 1998-99 | LFP9/681/04/18.08.04 | പുനരഭിപ്രായം |
| 1999-00 | LFP9/186/05/28.01.06 | പുനരഭിപ്രായം |
| 2000-01 | LFP9/180/07/14.02.08 | പുനരഭിപ്രായം |
| 2001-02 | LFP9/48/09/18.11.10 | പുനരഭിപ്രായം |
| 2002-03 | LFP9/48/09/20.12.10 | പുനരഭിപ്രായം |
| 2003-04 | LFP9/2180/13/30.12.13 | പുനരഭിപ്രായം |
| 2004-05 | LFP9/2181/13/30.12.13 | പുനരഭിപ്രായം |
| 2005-06 | LFP9/2182/13/30.12.13 | പുനരഭിപ്രായം |
| 2006-07 | LFP9/2183/13/30.12.13 | പുനരഭിപ്രായം |
| 2007-08 | LFP9/1797/13/13.12.13 | പുനരഭിപ്രായം |
| 2008-09 2009-10 2010-11 | LFP9/1629/13 | പുനരഭിപ്രായം |
| 2011-12 | LFP9/308/14/21.03/14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | LFP9/222/15/10.3.15 | -ടി- |
| 2013-14 & 2014-15 | നം.കെ.എസ്.എ-പികെഡി 9/1011 /16തീ.14-7-16 | -ടി- |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No.KSA-PKD9/223/2017

Kerala State Audit Department
District Audit Office
Palakkad
Dated - 08.02.2017

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of THACHAMPARA GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

in my opinion the financial statements of THACHAMPARA GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director

THACHAMPARA GRAMA PANCHAYATH

Abstract of defects-A.F.S 2015-16

1. Demand and arrear demand registers of property tax are not submitted for verification .

2. Deposit register is incomplete.

3.The figures shown in the RP – 31 as the centrally sponsored scheme – ICDS and other grants, funds and contributions for specific purposes , are not in agreement with the figures shown in the register

4. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .

5. Budget is not prepared on function -fuctionary basis.

Deputy Director

നം.കെ.എസ്.എ-പികെഡി9/223/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 08.02.2017

## സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ

നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമ പഞ്ചായത്തിന്റെ 31.3.16 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തച്ചമ്പാറ ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

തച്ചമ്പാറ ഗ്രാമ പഞ്ചായത്ത്

വാർഷിക ധനകാര്യ പത്രിക – 2015-2016

ന്യൂനതാ സംഗ്രഹം

1. വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനക്കായ് ഹാജരാക്കിയില്ല.
2. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.
3. എ.എഫ്.എസ് ൽ ആർ.പി.31 ൽ സെൻട്രലി സ്പോൺസേർഡ് സ്കീം - ഐ.സി.ഡി.എസ്. , അദർ ഗ്രാന്റ്സ് , ഫണ്ട്സ്, ആന്റ് കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസസ് എന്നീ ഹെഡിലെ തുകകൾ രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
4. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .
5. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ